**കേരള സർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2332120, 2338487

## എഞ്ചിനീയറിംഗ് കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകൾ സ്പോട്ട് അഡ്മിഷൻ മുഖേന നികത്തുന്നത് സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റിനെ തുടർന്ന് വിദ്യാർത്ഥികൾക്ക് കോളേജുകളിൽ പ്രവേശനം നേടാനുള്ള അവസാന തീയതിയായ 10.08.2026 ന് ശേഷം ഒഴിഞ്ഞു കിടക്കുന്ന സീറ്റുകൾ സ്പോട്ട് അഡ്മിഷൻ മുഖാന്തിരം നികത്തുന്നതാണ്. സർക്കാർ/എയ്ഡഡ്, സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ഒഴിവുകൾ അതാത് കോളേജുകൾ സ്പോട്ട് അഡ്മിഷൻ മുഖേന നികത്തുന്നതാണ്. സ്പോട്ട് അഡ്മിഷൻ നടപടികൾ സുതാര്യമായി നടക്കുന്നു എന്ന് ഉറപ്പാക്കുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് മാത്രമേ സ്പോട്ട് അഡ്മിഷന് പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.
2. നിശ്ചയിക്കപ്പെട്ട ദിവസം രാവിലെ 11 മണിക്ക് മുമ്പായി വിദ്യാർത്ഥികൾ കോളേജിൽ ഹാജരാകേണ്ടതാണ്.
3. സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ അക്കാദമിക് യോഗ്യതയും സംവരണം അഥവാ ഫീസാനുകൂല്യം ബാധകമെങ്കിൽ ബന്ധപ്പെട്ട കാറ്റഗറി യോഗ്യതയും ഉറപ്പിക്കുന്നതിന് ആവശ്യമായ രേഖകൾ സമർപ്പിക്കേണ്ടതാണ്.
4. സ്പോട്ട് അഡ്മിഷനു വേണ്ടി പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച കാറ്റഗറി ലിസ്റ്റിലുള്ള വിദ്യാർത്ഥികൾക്ക് കാറ്റഗറിയിൽ ഒഴിവുണ്ടെങ്കിൽ അതാത് കാറ്റഗറി സീറ്റുകളിൽ പ്രവേശനം നൽകുന്നതാണ്.
5. ഒഴിവുള്ള കാറ്റഗറി സീറ്റുകളിൽ പ്രവേശനം നേടുന്നതിനായി സംവരണ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ ഹാജരായിട്ടില്ല എങ്കിൽ പ്രോസ്പെക്ടസ് വ്യവസ്ഥ അനുസരിച്ച് അത്തരം സീറ്റുകൾ കൺവേർട്ട് ചെയ്യുന്നതും അതനുസരണം പ്രവേശനം നൽകുന്നതുമാണ്.
6. പങ്കെടുക്കുന്ന വിദ്യാർത്ഥികളെ അവരുടെ റാങ്ക്, കാറ്റഗറി യോഗ്യത, പ്രോസ്പെക്ടസ് വ്യവസ്ഥകൾ, ലഭ്യമായ ഒഴിവുകൾ എന്നിവയ്ക്ക് അനുസൃതമായി പരിഗണിച്ച് ഏറ്റവും സുതാര്യമായി പ്രവേശന പട്ടിക തയ്യാറാക്കി അർഹരായ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതാണ്. സ്പോട്ട് അഡ്മിഷൻ പ്രക്രിയയുടെ ഭാഗമായി കോളേജ്, കോഴ്സ്, ബ്രാഞ്ച് മാറ്റങ്ങൾ അനുവദിക്കുന്നതാണ്.
7. സ്പോട്ട് അല്ലോട്മെന്റിൽ പങ്കെടുക്കുന്നതിനു NOC ആവശ്യമുള്ള പക്ഷം ആയതു ഹാജരാക്കേണ്ടതാണ് .

8. സർക്കാർ/എയ്ഡഡ്/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി നടത്തുന്ന സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വിശദ വിവരങ്ങൾക്ക് അതാത് കോളേജുകളുമായി ബന്ധപ്പെടേണ്ടതാണ് .
9. പ്രവേശനവുമായി ബന്ധപ്പെട്ട് പ്രോസ്പെക്ടസിലെ പ്രസക്തമായ വ്യവസ്ഥകൾ പാലിച്ചുകൊണ്ടായിരിക്കും പ്രവേശന നടപടികൾ നടത്തുന്നത്.

**ഹെൽപ് ലൈൻ നമ്പർ : 0471-2332120, 2338487**

Digitally signed by
R Manoj
Date: 10-08-2026
15:59:23

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**

തിരുവനന്തപുരം
10-08-2026